<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028</u> <u>09-12-2022 - ൽ മറുപടിയ്ക്ക്</u>

<u>മോഡൽ ഡിറ്റൻഷൻ മാന്വൽ പ്രകാരം സ്വീകരിച്ച നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ഡിറ്റൻഷൻ സെന്റർ അടക്കം സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച മോഡൽ ഡിറ്റൻഷൻ മാന്വൽ പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നൈജീരിയൻ സ്വദേശികളായ രണ്ടു പേർ ഫയൽ ചെയ്ത കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പാലിക്കുന്നതുമായി ബന്ധപ്പെട്ട് അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളെയും, പാസ്പോർട്ട് കാലാവധിയ്ക്ക് ശേഷവും/ വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളെയും, ശിക്ഷാ കാലാവധി കഴിഞ്ഞോ, പരോളിലോ ജയിൽ മോചിതരാകുന്നവരും, മറ്റ് വിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ പൗരന്മാർക്ക് താത്ക്കാലികമായി താമസിക്കാനുള്ള സൗകര്യത്തിനായി സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ട്രാൻസിറ്റ് ഹോം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച മോഡൽ ഡിറ്റൻഷൻ മാന്വലിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും 03.09.2022-ലെ സ.ഉ(കൈ)നം 10/2022/സാ.നീ.വ നമ്പർ ഉത്തരവിൻ പ്രകാരം അംഗീകരിച്ചതുമായ മാർഗ്ഗരേഖ പ്രകാരമാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. |
| (ബി) | ഇത് സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. കേരള ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിയ്ക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും, കരട് മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും 03.09.2022 -ലെ സ.ഉ(കൈ)നം. 10/2022/സാ.നീ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | കൊല്ലം ജില്ലയിൽ കൊട്ടിയത്ത് അനുയോജ്യമായ ഒരു കെട്ടിടം കണ്ടെത്തിയതിനെത്തുടർന്ന് |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കെട്ടിട ഉടമസ്ഥനുമായി കരാറിൽ ഏർപ്പെട്ടുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിച്ചും, മാർഗ്ഗരേഖ പ്രകാരമുള്ള ജീവനക്കാരെ നിയോഗിച്ചും ട്രാൻസിറ്റ് ഹോമിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ